# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.- കെ എസ് എ എം പിഎം.14/3000/2016

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി.05-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.

നം കെ എസ് എ എം പി എം.14/3000 /2016

തിയ്യതി:05-12-2016

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 26.11.15 മുതൽ 30.04.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016 മുതൽ 01.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ സുരേഷ്. പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ അബ്ദുന്നാസർ പി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ജിഷ കെ | ഓഡിറ്റർ |
| | | ശ്രീമതി ജമീല .കെ. കൊട്ടേക്കാട്ട് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ നെടുമ്പള്ളി സൈതലവി | 01.04.15മുതൽ 31.10.15വരെ |
| | | സെക്രട്ടറി, അഗ്രി. ഓഫീസർ,ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരടങ്ങിയ അഡ്മിനിസ്റ്റേറ്റീവ് കമ്മറ്റി | 01.11.15മുതൽ 18.11.15വരെ |
| | | ശ്രീമതി സരോജിനി കെ പി | 19.11.15മുതൽ 31.03.16വരെ |
| സെക്രട്ടറി | : | ശ്രീ രാമകൃഷ്ണൻ പി | 01.04.15മുതൽ 31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. സെക്രട്ടറി | | ശ്രീ മധുസൂദനൻ | 01.04.15മുതൽ 28.07.15വരെ |
| അസി. സെക്രട്ടറി | | ഒഴിവ് | 29.07.15 മുതൽ 25.08.15 വരെ |
| അസി. സെക്രട്ടറി | | ശ്രീ രമേഷ് പി | 26.08.15 മുതൽ 31.03.16 വരെ |
| വി ഇ ഒ | | ശ്രീ വേലായുധൻ സി | 01.04.15മുതൽ 31.03.16വരെ |
| അസി.എഞ്ചിനീയർ | | ശ്രീ സന്തോഷ് കുമാർ | 01.04.15മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | | ശ്രീ ജംഷീദ് കെ | 01.04.15മുതൽ 31.03.16വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ ഗോപീകൃഷ്ണൻ | 01.04.15മുതൽ 31.03.16വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | | ശ്രീമതി കമലാഭായി | 01.04.15മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | | ഡോ. അനീഷ് കുമാർ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | | ഡോ. ദിവ്യ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ | | ഡോ. സുന്ദര | 01.04.15മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം 2<br>പരാമർശങ്ങളില്ല | | | |
| ഭാഗം 3 | | | |
| 1 | ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ സംബന്ധിച്ച് | 3-1 | |
| 2 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവർത്തികൾ- പൊതു അപാകതകൾ | 3-2 | |
| 3 | പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ-പരിമിതമായ എഞ്ചിനീയറിംഗ് സ്റ്റാഫ് | 3-3 | |
| 4 | ആശ്രയ അവലോകനം | 3-4 | |
| 5 | സബ്സിഡി തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-5 | |
| 6 | എസ് എസ് എ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-6 | |
| 7 | വീടുനിർമ്മാണം-പൂർത്തീകരിക്കാത്തത് | 3-7 | |
| 8 | മരുന്നുവാങ്ങൽ- മരുന്ന ലഭ്യമായില്ല | 3-8 | |
| | ഭാഗം 4 | | |

| | | | |
|---|---|---|---|
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1. | |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്: | 4-3. | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 6 | ഓഡിറ്റ് റിക്കവറി | 4-6. | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7. | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.15തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29/06/16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക -അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം- 57, 58 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ നടപടി / പരിശോധന / സാക്ഷ്യപ്പെടുത്തലുകൾ ഭാഗികമായി മാത്രമാണ് സെക്രട്ടറി പൂർത്തീകരിച്ചിട്ടുള്ളത്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2015-16 വർഷം പുതിയതായി ആർജ്ജിച്ച ആസ്തികളെ (റോഡുകൾ, അങ്കണവാടി കെട്ടിടങ്ങൾ, സ്കൂൾ കെട്ടിടം മുതലായവ) ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ടി- ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
3. വസ്തു നികുതി- തൻവർഷ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
4. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
5. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടുമില്ല.
6. ബജറ്റ് ഫംഗ്ഷൻ- ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റിലെ ബി- 17 ഷെഡ്യൂളിലെ ടി. എസ്.സി. ഹെഡിലെ തുക 667927 രൂപയാണ്. ടി- തുക ബി-4 ഷെഡ്യൂളിലെ അതേ ഹെഡിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

8. RP- 43 ഷെഡ്യൂൾ പ്രകാരം താഴെകൊടുത്തിട്ടുള്ള വിധം അരിയർ കളക്റ്റ് ചെയ്തിട്ടുണ്ട്.എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം അത്രയും തുക പിരിച്ചെടുക്കാനവശേഷിക്കുന്നില്ല.

| ക്രമ നമ്പർ | ഇനം | RP 43പ്രകാരം അരിയർ കളക്റ്റ് ചെയ്തത്. | മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക |
|---|---|---|---|
| 1 | തൊഴിൽ നികുതി(വ്യാപാരികൾ) | 33760 | 360 |

| | | | |
|---|---|---|---|
| 2 | കെട്ടിട വാടക | 93921 | 52188 |

9. തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്റർ പ്രകാരം 24690 രൂപ (ജീവനക്കാർ- 15210, വ്യാപാരികൾ-9480) കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 പ്രകാരം കുടിശ്ശികയില്ല.

10. പണമിടപാടുകൾ നടക്കാത്ത എസ്.എം.ജി.ബി. യിലുള്ള (OAP) ബാങ്ക് അക്കൗണ്ട് നാളിതു വരെ ക്ലോസ് ചെയ്തിട്ടില്ല.

11. 2015-16 വർഷത്തെ എസ്.എഫ്.സി. പത്രികയിലെ മുന്നിരിപ്പ്, തൻവർഷ വരവ് , ചെലവ് എന്നിവ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുത്തി സമർപ്പിച്ചിട്ടില്ല.

*12.* 2014-15 വർഷത്തെ വാർഷിക കണക്കുകളിൽ കണ്ടെത്തിയിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

*(*ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി: 30473487

വരവ് : 43273365

ആകെ: 73746852

ചെലവ്: 51866043

നീക്കിബാക്കി: 21880809

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(ലാപ്സഡ്) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2275045 | 10194894 | 3320204 | 15790143 | 12848669 | 2941474 |
| വികസന ഫണ്ട്(എസ്.സി.പി) | 1709449 | 5792000 | (-996348) | 7501449 | 6191809 | 1309640 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 85000 | | 85000 | 85000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1563390 | 5491000 | | 7054390 | 6707292 | 347098 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 577871 | 3294000 | | 3871871 | 2205570 | 1666301 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1359862 | 4147931 | (-327797) | 5507793 | 5457910 | 49883 |
| ലോക ബാങ്ക് സഹായം | 3004652 | 1996059 | (-1996059) | 3004652 | 2636008 | 68644 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 52314153 | 141 | 42046382 | 20 | 26 | 72 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17.09ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5316370 | 4159458 | -1156912 | -21.76 |
| നികുതിയേതര വരവുകൾ | 729553 | 853156 | 123603 | 16.94 |
| മറ്റുവരവുകൾ | | | | 0 |
| ആകെ | 6045923 | 5012614 | -1033309 | -17.09 |

നികുതി വരവിൽ വൻകുറവാണ് സംഭവിച്ചിട്ടുള്ളത്. നികുതി വരവുകൾ വർദ്ധിപ്പിക്കുന്നതിനും ആയത് താമസംവിനാ പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 114720 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 1612110 | 226 |
| വിധവാപെൻഷൻ | 10685840 | 1116 |
| വാർദ്ധക്യകാലപെൻഷൻ | 10018110 | 1322 |
| വികലാംഗപെൻഷൻ | 3297075 | 350 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 78560 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 58346/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തീകരിച്ചിട്ടില്ല. വെറ്ററിനറി സർജൻ , ഹെഡ് മാസ്റ്റർ, അസി. എഞ്ചിനീയർ, ഐസിഡിഎസ് സൂപ്പർവൈസർ വി ഇ ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥരൊന്നും തന്നെ ടി ആർ 7A ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്മാസ്റ്റർ,വെറ്ററിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥരൊന്നും തന്നെ പ്രോജക്ട് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ | ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| നം | | ഓഡിറ്റ് നടത്തിയ തീയ്യതി | കാലയളവ് | ലഭിച്ച തീയ്യതി | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.09.2016 | 01.08.16 to 31.08.16 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 29.05.2008 | 10/2000 to 2007-2008 | 29.09.2008 | റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട് |

ഭാഗം -2

വരവ് കണക്കുകളിന്മേലുള്ള അപാകതകൾ

ഇല്ല

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭൂജല വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗിക്കാത്ത തുക തിരികെ വാങ്ങി തിരിച്ചടവാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിനായി ഭൂജല വകുപ്പിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി- പ്രൊജക്റ്റുകൾക്ക് വേണ്ടി വിനിയോഗിച്ചതിൽ ബാക്കി വന്ന തുക ഭൂജല വകുപ്പിൽ നിന്നും തിരികെ വാങ്ങി അതാത് ഹെഡിലേക്ക് നാളിതുവരെ തിരിച്ചടവാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ഡി.ഡി. നമ്പർ/ തിയതി. | വിനിയോഗിച്ച തുക | ബാലൻസ് തുക | ഫണ്ട് ഇനം. |
|---|---|---|---|---|---|
| മഞ്ഞങ്ങര കുഴൽ കിണർ നിർമ്മാണം. പ്രൊജക്റ്റ് നമ്പർ-145/ 16 | 44730 | 728315 / 6-4-2016 | 38330 (ഭൂജല വകുപ്പിന്റെ 25-10-16 ലെ ജി.എം.114/16 നമ്പർ കത്ത് പ്രകാരം) | 6400 | തനത്. |
| എസ്.സി. കോളനികളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് സ്ഥാപിക്കൽ പ്രൊജക്റ്റ് | 189168 | 729194/ 5-4-2016 | 52537 (ഭൂജല വകുപ്പിന്റെ 22-10-16 ലെ ജി.എം.1212/15 നമ്പർ കത്ത് പ്രകാരം) | 136631 | പ്ലാൻ (scp) |

| | | | | | |
|---|---|---|---|---|---|
| നം.144/16 | | | | | |
| കുഴൽ കിണർ റിപ്പയർ 134/ 16 | 186314 | 672535/ 31-3-16 | 102548 (ഭൂജല വകുപ്പിന്റെ 25-10-16 ലെ ജി.എം.120/16 നമ്പർ കത്ത് പ്രകാരം) | 83766 | 182000-plan(scp) 4314-own fund |
| | | | ആകെ | 226797 | |

വിനിയോഗിക്കാതെ ഭൂജല വകുപ്പിൽ അവശേഷിക്കുന്ന 226797 രൂപ തിരികെ ലഭ്യമാക്കേണ്ടതും 220397 രൂപ സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-2 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളുടെ നടത്തിപ്പ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

കണ്ണമംഗലം ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ ഭൂരിഭാഗം മരാമത്ത് പണികളുടെയും നിർവ്വഹണം ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങളും 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും 12-ംപദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കാതെയാണ് മരാമത്ത് പണികൾ നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി രൂപീകരണം,സാങ്കേതിക വിദഗ്ധനെ നിയോഗിക്കൽ,മസ്റ്റർ റോൾ സൂക്ഷിപ്പ്, നിർമ്മാണ സാധനങ്ങൾ വാങ്ങൽ, യോഗം ചേരൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തൽ, വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കൽ തുടങ്ങിയ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു.

മരാമത്ത്പണികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം.സാൻഡ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും പാസ് മുഖേന പ്രവൃത്തികൾക്ക് മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ സിമന്റ്,കമ്പി ഒഴികെയുള്ള നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന് വെള്ള കടലാസിൽ എഴുതിയ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ഇപ്രകാരം കണ്ടവീനർമാർ നൽകിയ യാതൊരു ആധികാരികതയുമില്ലാത്ത രശീതിയുടെ പിൻബലത്തിലാണ് ടി പ്രവൃത്തികൾ മൂല്യ നിർണ്ണയം നടത്തി കൺവീനർമാർക്ക് ബിൽ തുക നൽകിയിട്ടുള്ളത്.

2. ഗുണഭോക്തൃ സമിതികളുടെ പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക- സംഘാടന പരിചയവും പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

3. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും പ്രൊജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

4.ഗുണഭോക്തൃ സമിതികൾ ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5.ഗുണഭോക്തൃ സമിതികളുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടികൾ അപൂർണ്ണമാണ്.

6.സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെയല്ല പണമിടപാടുകൾ നടത്തിയിട്ടുള്ളത്.

7.മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തിയ്യതി രേഖപ്പെടുത്തി ഒപ്പ് വെയ്പ്പിക്കുകയോ ചെയ്യുന്നില്ല. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് കൺവീനറും ചെയർമാനും തീയതി വെച്ച് ഒപ്പിടുന്നില്ല.

8. വരവ്- ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കുന്നില്ല.

9. സംരക്ഷണ കമ്മിറ്റി രൂപീകരിക്കുന്നില്ല.

10.പ്രവർത്തിയുടെ കൺവീനർ എന്ന കപ്പാസിറ്റിയിൽ പാൻകാർഡ് എടുക്കുന്നില്ല.

കൂടാതെ, നിയമാനുസൃതം സൂക്ഷിക്കേണ്ടതായ ടി- ആർ 7 ക്യാഷ് ബുക്ക്, പ്രൊജക്റ്റ് റജിസ്റ്റർ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ എഴുതി സൂക്ഷിച്ചിട്ടില്ല.എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

നടപടിക്രമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 പൊതു മരാമത്ത് മേഖലയിൽ അസംഖ്യം പ്രൊജക്റ്റുകൾ- പരിമിതമായ എഞ്ചിനീയറിംഗ് സ്റ്റാഫ്.

2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പൊതു മരാമത്ത് മേഖലയിൽ 96 പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു.മൊത്തം 1,90,80,713 രൂപ അടങ്കൽ നിശ്ചയിച്ച മേൽ പ്രൊജക്റ്റുകളിൽ 1, 65,89,899 രൂപ അടങ്കൽ വരുന്ന 83 പ്രൊജക്റ്റുകൾ മാത്രമേ ഗ്രാമ പഞ്ചായത്തിന് തൻ വർഷം നടപ്പാക്കാനായുള്ളൂ.പ്രവർത്തികളുടെ ബാഹുല്യവും ഒരു അസി. എഞ്ചിനീയറും ഒരു ഓവർസിയറും ഉൾപ്പെടുന്ന പരിമിതമായ സ്റ്റാഫും കാരണം 24,90,814 രൂപ അടങ്കൽ വരുന്ന 13 പ്രൊജക്റ്റുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രൊജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻ വർഷം ചെലവഴിക്കേണ്ട 25 ലക്ഷത്തോളം രൂപ ചെലവഴിക്കാനാവാതെ നഷ്ടമാകുന്നതിന് ഇത് കാരണമായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ, ചട്ടം 14 പ്രകാരം പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഏതൊരു മരാമത്ത് പണിയും പഞ്ചായത്ത് എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് സാങ്കേതിക ഉദ്യോഗസ്ഥൻമാരുടേയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് നടത്തേണ്ടത്. ജോലിയുടെ പുരോഗതിയും ഗുണമേൻമയും അവർ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. അംഗീകരിച്ച പ്രവർത്തികളിൽ ഭൂരിഭാഗവും നടപ്പാക്കിയെങ്കിലും പരിമിതമായ സ്റ്റാഫിനെ കൊണ്ട് നിർവ്വഹണ ഘട്ടങ്ങളിൽ ഓരോ സൈറ്റിലും സന്ദർശിച്ച് പ്രവർത്തിയുടെ ഗുണമേൻമ ഉറപ്പ് വരുത്താൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിയാത്ത സാഹചര്യമാണുള്ളത്.

എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ കുറവ് നികത്തുകയോ പ്രൊജക്റ്റുകളുടെ എണ്ണം ക്രമീകരിക്കുകയോ ചെയ്ത് മേൽ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്.

## 3-4 ആശ്രയപദ്ധതി - അവലോകനം

കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി 2012-2015ഒന്നാം ഘട്ട പദ്ധതിപ്രവർത്തനങ്ങൾക്ക് 06.03.2013 ലെ സ.ഉ (സാധാ) 578/2013/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ 82 കുടുംബങ്ങളെ അഗതി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 20.10.2012 തിയതിയിലെ 1(3) പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം അംഗീകാരം നൽകുകയും ചെയ്തു. ഒന്നാംഘട്ട പദ്ധതി കാലാവധി അവസാനിച്ചതിനെ തുടർന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ 19.12.2015 ലെ 899/A3 /2015/KSMPM കത്ത് പ്രകാരം 2016 ഡിസംബർ മാസം വരെ പദ്ധതി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ ആനുകൂല്യം ലഭിച്ച ആകെ ഗുണഭോക്താക്കളുടെ എണ്ണം 39 പേർ മാത്രമാണ് (48%). വിശദവിവരം ചുവടെ.

| ഇനം | പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ |
|---|---|---|
| സ്ഥലം | 06 | 05 |
| വീട് | 26 | 11 |
| വീട് റിപ്പയർ | 35 | 14 |
| കക്കൂസ് | 12 | 05 |
| കുടിവെള്ളം | 22 | 04 |
| കറന്റ് | 07 | 00 |
| ആകെ | 108 | 39 |

ഇതിൽ 26 ആശ്രയഗുണഭോക്താക്കൾ ഒന്നിലധികം ആനുകൂല്യങ്ങൾ ലഭിച്ചവരാണ്.

10.03.2016 ലെ പഞ്ചായത്ത് ഭരണസമിതി മീറ്റിംഗിൽ അജണ്ട 6 ആയി കുടുംബശ്രീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ആശ്രയപദ്ധതിക്കുള്ള രണ്ടാംഘട്ടപദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള സർവെ നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അഗതികളും നിരാലംബരും സമൂഹത്തിലെ അടിത്തട്ടിലുള്ളവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വ്യക്തിഗത ആനുകൂല്യത്തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

2015-16 വർഷത്തിൽ വി ഇ ഒ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ വഴി വിവിധ ഫണ്ടിനങ്ങളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ചെക്ക് നമ്പർ/തിയ്യതി | പ്രോജക്ട് | ഫണ്ടിനം | തുക |
|---|---|---|---|---|
| 1 | 01/15-16/ 09.07.15 | 102/16( വീട് നിർമ്മാണം-ജനറൽ) | വികസന ഫണ്ട് | 1500000 |
| 2 | 02/15-16/ 09.07.15 | | ധനകാര്യകമ്മീഷൻ അവാർഡ് | 970000 |
| 3 | 03/15-16/29.09.15 | | വികസന ഫണ്ട് | 1520000 |
| 4 | 05/15-16/ 30.12.15 | | | 1120000 |
| 5 | 07/15-16/ 27.02.16 | | | 640000 |
| 6 | 09/15-16/ 26.03.16 | | | 630000 |
| 7 | 06/15-16/ 30.12.15 | 71/16(വീട് പുനരുദ്ധാരണം(ജനറൽ) | വികസനഫണ്ട് | 175000 |
| 8 | 08/15-16/ 26.03.16 | | | 200000 |
| 9 | 11/15-16/ 26.03.16 | | | 325000 |
| 10 | 10/15-16/ 26.03.16 | 133/16 കിണർ നിർമ്മാണം (ജനറൽ) | വികസനഫണ്ട് | 119000 |

| | | | | |
|---|---|---|---|---|
| 11 | ചെക്ക് നമ്പർ 1860705/ 29.09.15 | 100/16 വീട് നിർമ്മാണം(ജനറൽ) (സ്പിൽ ഓവർ പ്രോജക്ട്) | തനത് ഫണ്ട് | 130000 |
| 12 | ചെക്ക് നമ്പർ. 1614204/ 26.03.16 | | | 60000 |
| ആകെ | | | | 7389000 |

എന്നാൽ മേൽ തുകകൾ പ്രകാരമുള്ള ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തുവെന്നതിന് ബാങ്കിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ബാങ്കിലേക്ക് ഗുണഭോക്താക്കളുടെ പേരുവിവരം, അക്കൗണ്ട് നമ്പർ, തുക എന്നിവ കാണിക്കുന്ന ലിസ്റ്റ് വി ഇ ഒ സാക്ഷ്യപ്പെടുത്തി നൽകിയത് മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. തുകകൾ ക്രഡിറ്റ് ചെയ്തതിന് ബാങ്കിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മുഴുവൻ തുകകളും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണെന്നും വി ഇ ഒയുടെ പേരിൽ ഗുണഭോക്താക്കൾക്കായി പിൻവലിച്ച തുകയിൽ ബാങ്കിൽ ബാക്കിയില്ല എന്നും ഉറപ്പുവരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തതായി കാണിക്കുന്ന ബാങ്കിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ

പ്രോജക്ട് :74/16 എസ് എസ് എ വിഹിതം നൽകൽ

2015-16 വർഷത്തിൽ എസ് എസ് എ വിഹിതമിനത്തിൽ 2000000/- രൂപ മലപ്പുറം ജില്ലാ SSA പ്രോജക്ട് ഓഫീസർക്ക് നൽകി. (DD No. 723584/ 20.10.15). ഈ തുക എന്തിനൊക്കെ വിനിയോഗിച്ചു എന്നു വ്യക്തമാക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-7 പൂർത്തീകരിക്കാത്ത ഭവന നിർമ്മാണം- തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

2013-14, 2014-15 വർഷങ്ങളിലായി ഭവന നിർമ്മാണത്തിന് കരാർവെച്ച് ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കരാർ വെച്ച് വർഷം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സക്കീന അരീക്കാട്ട് ചേനാരി | 2013-14 | 50000 |
| 2 | സാജിത കെ കെ, പാടത്ത് പീടിയേക്കൽ | 2014-15 | 180000 |
| 3 | സീനത്ത് സി, ചെമ്പൻ കുന്നത്ത് | | 180000 |
| 4 | ആയിഷാബി പി, പള്ളിയാളി | | 180000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/27.10.16) ക്രമ നമ്പർ 2 മുതൽ 4 വരെയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 2016-17 വർഷം സ്പിൽ ഓവർ പ്രവർത്തിയായി അവസാന ഗഡു

നൽകുമെന്നും ക്രമ നമ്പർ 1 ശ്രീമതി സക്കീന അരീക്കാട്ട് ചേനാരി എന്നവർ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും പണി പൂർത്തീകരിക്കാത്തതിനാൽ റവന്യൂ റിക്കവറിക്ക് അയച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത് . ആയതിൽ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-8 മരുന്നുകൾ ലഭ്യമായിട്ടില്ല

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ PHC നിർവഹണം നടത്തിയ പരിരക്ഷ, PHC യിലേക്ക് മരുന്നുവാങ്ങൽ എന്നീ പ്രോജക്ടുകൾ പ്രകാരം മരുന്നിന്റെ വിലയായി 4,66,410/- രൂപ 18-04-2016 ന് K M S C L ന് മുൻകൂറായി അയച്ചുകൊടുത്തിട്ടുണ്ട്.മരുന്നുകൾ ലഭ്യമാകാത്തതിനെ തുടർന്ന് 25-08-2016 ന് K M S C L ന് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ലഭിച്ചാൽ വിവരം ഈഓഫീസിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 36000 | 73/16ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 36000 | ഇല്ല |
| | 2015-16 | 75000 | 163/16 ഭിന്ന ശേഷിയുള്ളവർക്ക് ഉപകരണങ്ങൾ ആവശ്യകതാ നിർണ്ണയ ക്യാമ്പും, ഉപകരണ വിതരണവും | 75000 | ഇല്ല |
| | 2015-16 | 9624 | 11/16 പരിരക്ഷ പാലിയേറ്റീവ് പരിചരണം | 9624 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി.നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം(എസ് ടി) | 728315/ 06.04.16 (ഡി.ഡി) | 44730 | 38330 | - | 6400 |
| | ഹാന്റ് പമ്പ് സ്ഥാപിക്കൽ | 672535/31.03.16 | 186314 | 102548 | - | 83766 |
| | കുഴൽ കിണർ റിപ്പയർ | 729194/ 05.04.16 | 189168 | 32539 | | 156629 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43273365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51866043 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9389000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി).ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 7389000 | ശ്രീ വേലായുധൻ സി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | 2000000 | ശ്രീ ഗോപീകൃഷ്ണൻ, ഹെഡ്മാസ്റ്റർ |
| | | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം: ഇല്ല

(ഇ ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ : ഇല്ല

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നഷ്ട തുക ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ എഫ് എം 10/202/05 തിയ്യതി 02.09.10 | 2 |
| 2003-04 | എൽ എഫ് എം 10/1292/08 തിയ്യതി 02.09.10 | 15 |
| 2004-05 | എൽ എഫ് എം 10/1234/09 തിയ്യതി 02.09.10 | 2 |
| 2005-06 | എൽ എഫ് എം 14/2562/2011 തിയ്യതി 24.02.10 | 12 |
| 2006-07 | എൽ എഫ് എം 14/668/10 തിയ്യതി 24.02.10 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011 തിയ്യതി 19.11.2011 | 12 |
| 2008-09 to 2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.13 | 27 |
| 2011-12 ,2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 10.02.16 | 33 |
| 2013-14, 2014-15 | കെ എസ് എ എം പി എം 14/2140/16 തിയ്യതി 09.08.16 | 6 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

# Annexure 2

# AUDIT CERTIFICATE

No. KSA/MPM14/3000/2016

Kerala State Audit Department

District Audit Office

Malappuram

E-mail:
dompm.ksad@kerala.gov.in

Dated: 05-12-2016

Certified that I have Audited the Annual Financial Statement of Kannamangalam Grama Panchayat in Malappuram District for the year Ended on 31.03.16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Kannamangalam Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

mac

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.14/3000/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി.05-12-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം